(ബി) മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകര സംഘടനകളുടെ ഭീകരപ്രവർത്തനങ്ങളും ഗുരുതരമായ സുരക്ഷാ ഭീഷണിയും നേരിടുന്നതിനു സംസ്ഥാന പോലീസിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകര സംഘടനകളുടെ ഭീകര പ്രവർത്തനങ്ങളും ഗുരുതരമായ സുരക്ഷാഭീഷണിയും നേരിടുന്നതിന് സംസ്ഥാന പോലീസിൽ നിന്നുമുള്ള സേനാംഗങ്ങളെയാണ് നിയോഗിച്ചുവരുന്നത്.

സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി

210 (215) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ ഏന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേഡറ്റുകൾക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ച് ഇപ്പോൾ 420 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തി 600 ലക്ഷം രൂപ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി 2014-15 അദ്ധ്യയന വർഷത്തിലേക്ക് ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കി ആഴ്ചയിൽ ബുധനാഴ്ചയും ശനിയാഴ്ചയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഏഴ് കമ്മ്യൂണിറ്റി പ്രോജക്ടുകൾ (എന്റെ മരം, ശുഭയാത്ര, ശുചിത്വമുറ്റം, വീട്ടിലൊരു ചങ്ങാതിക്കൂട്ടം, ലഹരിമുക്ത കേരളം, നിയമ പരിജ്ഞാനം, സമ്പൂർണ്ണ ആരോഗ്യം) കേഡറ്റുകളുടെ സർവ്വോന്മുഖമായ വികാസത്തെ മുൻനിർത്തി നടപ്പിലാക്കിവരുന്നു. ഓണം ക്യാംപ്, ക്രിസ്തുമസ് ക്യാംപ്, പ്രകൃതിപഠന ക്യാംപ്, ജില്ലാതല സമ്മർ ക്യാംപ്, സംസ്ഥാനതല സമ്മർ ക്യാംപ് തുടങ്ങിയവ സംഘടിപ്പിക്കുകയും എസ്.പി.സി.ഡേ, എസ്.പി.സി.ക്രിസ്സ്, പൊതുവിശേഷ ദിവസങ്ങൾ, റിപ്പബ്ലിക് ഡേ പരേഡ്, സ്വാതന്ത്ര്യദിന പരേഡ് എന്നിവയും ആഘോഷിച്ചുവരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് ആക്ടിവിറ്റി കലണ്ടറിൽ ഇൻഡോർ മാനുവർ, ഔട്ട് ഡോർ മാനുവൽ പ്രകാരമുള്ള വിവിധ തരത്തിലുള്ള കായികക്ഷമതാ പരിശീലനങ്ങളും സ്വഭാവ രൂപീകരണം, നേതൃഗുണം, അച്ചടക്കം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ നടത്തുകയും പരേഡ്, പി.റ്റി.യോഗ, കളരി, കരാട്ടെ എന്നിവയുടെ പരിശീലനവും ക്രോസ് കൺട്രി, റോഡ് വാക്ക് ആന്റ് റൺ എന്നിവ നടത്തുകയും ചെയ്യുവരുന്നു.

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാകുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ഡി) ഉണ്ട്. ചാല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സ്ഥലം അനുവദിക്കുകയും 12-2-2014-ന് ഡയറക്ടറേറ്റിന്റെ ഉദ്ഘാടനകർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുമുണ്ടായി.

കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ

211 (216) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പന്തീരങ്കാവ് ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പന്തീരങ്കാവിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly